**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ ഇടയ്ക്കുവച്ച് പഠനം നിർത്തി പോകുന്നവരുടെ എണ്ണം ആപേക്ഷികമായി കൂടുതലാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. പഠനം നിർത്തി പോകുന്നവരുടെ എണ്ണം ആപേക്ഷികമായി കൂടുതലല്ല. |
| (ബി) | എങ്കിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ കണ്ടെത്തി അത്പരിഹരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് എല്ലാ വർഷവും സർവ്വെ നടത്തി സ്കൂളുകളിൽ ചേരാത്തതോ കൊഴിഞ്ഞുപോയതോ ആയ കുട്ടികളെ കണ്ടെത്തി സ്പെഷ്യൽ ട്രെയിനിംഗ് സെന്റർ മുഖേന ബ്രിഡ്ജ് കോഴ്സ് നടത്തി വയസ്സിനനുസൃതമായ ക്ലാസുകളിൽ ചേർക്കുന്നു. ബ്രിഡ്ജ് കോഴ്സ് നടത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെ 121 എജ്യുക്കേഷണൽ വോളന്റിയേഴ്സ്, ഈ സ്റ്റുഡന്റ് സ്റ്റഡി സെന്ററുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. പട്ടികജാതി വികസന വകുപ്പ് 1. ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് 2. മോഡൽ റസിഡൻഷ്യൽ സ്കൂൾ 3. പ്രീമെട്രിക് സ്കോളർഷിപ്പ് 4. സബ്സിഡൈസ്ഡ് ഹോസ്റ്റൽ 5. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് 6. അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് 7. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ 8. പ്രൈവറ്റ് അക്കോമഡേഷൻ 9. പ്രത്യേക പ്രോത്സാഹന സമ്മാനം 10. റാങ്ക് ജേതാക്കൾക്ക് സ്വർണമെഡൽ 11. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം 12. പ്ലസ്ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ് 13. പ്രൈമറി/സെക്കന്ററി എഡ്യുക്കേഷൻ എയിഡ് 14. |

| | | | |
|---|---|---|---|
| | | | ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം 15. സ്റ്റെതസ്കോപ്പ് വിതരണം 16. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 17. ബിരുദ/ ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോ പകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം. പട്ടികവർഗ്ഗ വികസന വകുപ്പ് 1. സാമൂഹ്യപഠനമുറി 2. ഗോത്രബന്ധു 3. ഗോത്രസാരഥി 4. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം 5. സ്കോളർഷിപ്പ്/ഗ്രാന്റ് 6. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ് 7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം. |
| (സി) | കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണങ്ങൾ ദാരിദ്ര്യവും മറ്റ് സാമൂഹിക ചുറ്റുപാടുകളുമായതിനാൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുകൊണ്ടുള്ള പഠനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോസ്റ്റലുകളുടെ സ്ഥിതിയും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ പുതിയവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികജാതി പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ താമസ, ഭക്ഷണ സൗകര്യം നൽകി വരുന്നു. ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവക്കായി സ്റ്റുഡൻസ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ വിവിധ വിഷയങ്ങൾക്കായി പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുകൊണ്ടുള്ള പഠനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഹോസ്റ്റലുകളുടെ സ്ഥിതിയും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി വകുപ്പിന് കീഴിൽ പ്രീമെട്രിക് ഹോസ്റ്റൽ/ എം.ആർ.എസ്/മൾട്ടി പർപ്പസ് ഹോസ്റ്റൽ എന്നിവക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക കേന്ദ്ര സഹായം ഉപയോഗിച്ചും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയും പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ ഘട്ടങ്ങളിൽ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തും ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നുണ്ട്. പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസ്-കൾ എന്നിവിടങ്ങളിൽ മെനു കാലാകാലങ്ങളിൽ ശാസ്ത്രീയമായി പരിഷ്കരിക്കുകയും ഉണനിലവാരം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസ ഭക്ഷണ ചെലവ് |

| | | | |
|---|---|---|---|
| | | | ഹൈസ്കൂൾ തലംവരെ 3,000/- രൂപ, ഹൈസ്കൂളിന് മുകളിൽ 3,450/- രൂപ എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ പ്രതിമാസ ഭക്ഷണ ചെലവിന് തുല്യമായ തുക കുട്ടികളുടെ രക്ഷിതാക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നുണ്ട്. ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസികോല്ലാസത്തിനായി ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷക്കായി 74 പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനവും കൂടാതെ സി.സി.റ്റി.വിയും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ച വ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി 114 ഹോസ്റ്റലുകളിൽ ബയോഹസാർഡ് സ്പിൽകിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാ തിരിക്കാനും, ഗ്യാസിന്റെ ഉപയോഗത്തിന് ഗണ്യമായ കുറവ് വരുത്തുന്നതിനും, ആഹാരം പാചകം ചെയ്യുന്നതിന്റെ സമയം കുറയ്ക്കുന്നതിനുമായി ആദ്യഘട്ടത്തിൽ 30 ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ